**A** **612**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 6 | **അടിസ്ഥാനപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 : കഥാപാത്ര നിരൂപണം**

'ജീവിതത്തിന്റെ ഉപ്പ്' എന്ന കഥയിൽ ഉപ്പുകൊറ്റനെ വിശദമായി പരിചയപ്പെട്ടുവല്ലോ. അതിലെ മറ്റൊരു കഥാപാത്രമായ അഗ്നിഹോത്രിയെയും നിങ്ങൾക്കറിയാം.

- ബ്രാഹ്മണ പണ്ഡിതനായ വരരുചിയുടെയും പറയസ്ത്രീയായ പഞ്ചമിയുടെയും പന്ത്രണ്ട് മക്കളിൽ മൂത്തയാൾ.
- ബ്രാഹ്മണൻ എടുത്തുവളർത്തിയ കുട്ടി.
- 99 അഗ്നിഹോത്രയാഗങ്ങൾ
- ചൈതന്യം തുടിക്കുന്ന, പുഞ്ചിരിക്കുന്ന മുഖം
- സഹോദരങ്ങളോടുള്ള പെരുമാറ്റം.

എ. പാഠഭാഗത്ത് പറഞ്ഞ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി, അഗ്നിഹോത്രിയെക്കുറിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

ബി. '<u>ഒരാൾ പിടിച്ചു</u>. ഉപ്പുകൊറ്റന് അനക്കമില്ല. <u>രണ്ടാൾ പിടിച്ചു</u>. <u>മൂന്നാൾ പിടിച്ചു</u>.

അടിവരയിട്ട പദപ്രയോഗത്തിലൂടെ ഉപ്പുകൊറ്റന്റെ എന്ത് സവിശേഷതകളാണ് വ്യക്തമാക്കുന്നത്?

(ക്ഷീണം, ശക്തി, കോപം)

**പ്രവർത്തനം 2 : പ്രതികരണക്കുറിപ്പ്**

'പുഞ്ച കൊയ്തേ, കളം നിറഞ്ഞേ' എന്ന നാടൻ പാട്ടിലൂടെ അധ്വാനം ആഹ്ലാദകരമായ അനുഭവമാണ് എന്ന് മനസ്സിലായല്ലോ. കൃഷിയുടെ ഇന്നത്തെ അവസ്ഥയെന്താണ്?

താഴെ കൊടുത്തിരിക്കുന്ന വരികൾ നോക്കൂ.

*പത്തായത്തില് നെല്ലു നിറയ്ക്കാൻ*
*വയലേലകളിന്നില്ലല്ലോ.*
*നെന്മണി വിളയും വയലുകളെല്ലാം*
*എവിടെ പോയതു ചൊല്ലാമോ?*
*മാമല വെട്ടിനിരത്തിയ മണ്ണാൽ*
*വയലുനികത്തി കരയാക്കി*
*ഇങ്ങനെയായാൽ നാളെ നമ്മൾ*
*പട്ടിണിയായി മരിക്കില്ലേ. . . .*

എ. ഈ വരികളിലെ ആശയത്തോട് പ്രതികരിച്ചുകൊണ്ട് ഒരു കുറിപ്പ് എഴുതൂ. സൂചനകളും ഉൾപ്പെടുത്തുമല്ലോ.

- അധ്വാനിക്കാനുള്ള മടി.
- പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യൻ.
- നമ്മെ കാത്തിരിക്കുന്ന ദുർവിധി.

ബി. നെന്മണി എന്ന പദം വിഗ്രഹിച്ചാൽ?

(നെല്ലുപോലുള്ള മണി, നെല്ലിന്റെ മണി, നെല്ലിലെ മണി)

**പ്രവർത്തനം 3 : പ്രസംഗം**

തകഴിയുടെ, 'ഓണം അന്നും ഇന്നും' എന്ന ലേഖനം വായിച്ചല്ലോ. ഇന്നത്തെ ഓണത്തെക്കുറിച്ച് കുഞ്ഞുണ്ണി മാഷ് എഴുതിയത് നോക്കൂ.

*അത്തം കഴിഞ്ഞാൽ പണ്ട് ഉപ്പേരി വറുക്കുമായിരുന്നു. ഇന്നോ . . . . ഓണത്തിന്റെ തലേനാളിൽ കടയിൽ പോയി ആവശ്യത്തിന് കുറച്ച് ഉപ്പേരി വാങ്ങും. കഴിഞ്ഞു. ഇതിനു കാരണം മറ്റൊന്നല്ല. ഭരണം തന്നെ. ഉദ്യോഗസ്ഥന്മാർക്ക് ഓണം ബോണസ് ലഭിക്കുന്നത് ഓണത്തിന് രണ്ടോ മൂന്നോ ദിവസം മുൻപ് മാത്രമാണ്. അവർക്ക് ചന്തയിൽ പോയി വാഴക്കുല വാങ്ങാൻ സമയമെവിടെ. എന്നാൽ പണ്ടുകാലത്ത് ഓണക്കാഴ്ചയായി ലഭിക്കുന്നതോ സ്വന്തം പറമ്പിൽ കൃഷി ചെയ്തതോ ആയ നേന്ത്രക്കായ വെട്ടിയെടുത്തല്ലേ. ഉപ്പേരി വറുക്കാറുള്ളത്? ഇന്ന് ഈ സമയം ടി.വി.യുടെ മുന്നിലിരുന്ന് സീരിയൽ കാണാനാണ് താൽപര്യം. ഓണത്തിന് ഉപ്പേരി വേണമെന്നല്ലേയുള്ളൂ. അത് മാർക്കറ്റിൽ ലഭിക്കുമ്പോൾ പിന്നെയെന്തിന് വെറുതെ സമയം കളയണം! ഈ ചിന്താഗതിയാണ് ഇന്നത്തെ ഓണാഘോഷത്തിന്റെ മധുരിമ കുറച്ചത്.*

*(കഥകളും കാര്യങ്ങളും)* *(കുഞ്ഞുണ്ണി)*

- ഓണം - മധുരസ്മരണകൾ
- ഇന്നത്തെ ഓണാഘോഷം
- മലയാളിയുടെ മനോഭാവത്തിലുണ്ടായ മാറ്റം

തന്നിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി, തകഴിയുടെയും കുഞ്ഞുണ്ണിമാഷിന്റെയും വാക്കുകളും നിങ്ങളുടെ ഓണാനുഭവങ്ങളും ഉൾപ്പെടുത്തി 'ഓണം അന്നും ഇന്നും' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കൂ.

**പ്രവർത്തനം 4 : താരതമ്യക്കുറിപ്പ്**

കേരളത്തിന്റെ പണ്ടത്തെ അവസ്ഥയുടെ ചില സൂചനകൾ നോക്കൂ.

- വീട്ടുവളപ്പിലെ പച്ചക്കറികൾ
- പച്ചവേലി
- ചൂട്ട്
- കൂട്ടായ്മയുടെ ആഘോഷങ്ങൾ
- പാള

കേരളത്തിന്റെ ഇന്നത്തെ അവസ്ഥയുടെ സൂചനകൾ.

- അന്യദേശങ്ങളിൽ നിന്നു വരുന്ന ധാന്യങ്ങൾ, പച്ചക്കറികൾ
- കോൺക്രീറ്റ് വീടുകൾ
- എന്തിനും ഏതിനും യന്ത്രങ്ങൾ
- എവിടെയും മതിലുകൾ

എ. കേരളത്തിന്റെ അന്നത്തെയും ഇന്നത്തെയും അവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പ് എഴുതുക.

**പ്രവർത്തനം 5 : വിശകലനക്കുറിപ്പ്**

"എല്ലാവരും മനുഷ്യരല്ലേ, ഒരേ ചോരയല്ലേ" എന്ന് ഉപ്പുകൊറ്റൻ പറഞ്ഞ സന്ദർഭം ഓർക്കുന്നുണ്ടല്ലോ.

മതമേതായാലും മനുഷ്യൻ
നന്നായാൽ മതി

*- ശ്രീനാരായണഗുരു*

കേരളം ഒരു ഭ്രാന്താലയ
മാണ്

*- സ്വാമി വിവേകാനന്ദൻ*

ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്
ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതി വേണ്ടാ തരികതെനിക്കു നീ

*ചണ്ഡാലഭിക്ഷുകി* *- കുമാരനാശാൻ*

പാഠഭാഗത്തിലെ ആശയങ്ങൾക്കൊപ്പം മേൽപ്പറഞ്ഞ വരികളിലെ ആശയങ്ങളും കൂടി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.